**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1384** **30.01.2018 ൽ മറുപടിയ്ക്ക്**

**കുറിഞ്ഞി ഉദ്യാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| (എ) | സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് മുമ്പാണ് 2006-11 സർക്കാരിന്റെ കാലത്ത് കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതി സംബന്ധിച്ച പ്രഖ്യാപനം നടത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | കുറിഞ്ഞി ഉദ്യാനം സംബന്ധിച്ച കാര്യങ്ങൾ പഠിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി മന്ത്രിമാരുടെ ഒരു സംഘത്തെ നിയോഗിച്ചിരുന്നോ; പ്രസ്തുത സംഘത്തിൽ ഉണ്ടായിരുന്നവർ ആരൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) പ്രസ്തുത മേഖലയിലെ എല്ലാ ജനപ്രതിനിധികളെയും, പൊതുജനങ്ങളെയും, റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മൂന്നാറിൽ വച്ച് നീലകുറിഞ്ഞി സാങ്ച്വറി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ ദൂരികരിക്കുന്നതിനായി ഒരു യോഗം നടത്തുന്നതിന് റവന്യൂ വനം, വൈദ്യുതി വകുപ്പ മന്ത്രിമാരെ നിയോഗിച്ചിരുന്നു. |
| (സി) | പ്രസ്തുത സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകളും ശുപാർശകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. ശിപാർശകൾ അന്തിമമാക്കിയിട്ടില്ല |
| (ഡി) | റവന്യൂ മന്ത്രിയും, വനംവകുപ്പ് മന്ത്രിയും നൽകിയ റിപ്പോർട്ടുകളിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടോ; ഉണ്ടെങ്കിൽ ഏത് കാര്യത്തിലാണെന്ന് വ്യക്തമാക്കാമോ ? | (ഡി) ബാധകമല്ല |

സെക്ഷൻ ഓഫീസർ